I/96109/2023

<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

(ഹാജർ: ചേതൻ കുമാർ മീണ ഐ.എ.എസ്)

ഉത്തരവ് നം. SJD/961/2020-E9

തിരുവനന്തപുരം,

തീയതി. 17-05-2023

---

വിഷയം: സാമൂഹ്യനീതിവകുപ്പ് - ജീവനക്കാര്യം- എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ 01/02/2020 പ്രാബല്യത്തിലുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ്- ജീവനക്കാരെ ഉൾപ്പെടുത്തി ഭേദഗതി വരുത്തിയത് - അന്തിമമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. സർക്കാർ ഉത്തരവ്(പി) നം.10/2019/സാനീവ തീയതി 21/10/2019.
2. സാമൂഹ്യനീതി ഡയറക്ടറുടെ 27/04/2020 ലെ SJD/961/2020-E9 നം.നടപടി ക്രമങ്ങൾ.
3. സാമൂഹ്യനീതി ഡയറക്ടറുടെ 06/05/2020 ലെ SJD/792/2020-E9 നം.നടപടിക്രമങ്ങൾ.
4. സർക്കാർ ഉത്തരവ്(സാധാ) നം.243/2022/സാ.നീ.വ. തീയതി. 05.11.2022
5. 5-01-2023 തീയതിയിലെ SJD/2461/2021-E2-കുറിപ്പ്
6. സാമൂഹ്യനീതി ഡയറക്ടറുടെ 30-03-23 SJD/2461/2021-E2 ഉത്തരവ്
7. 10.04.2023 പ്രൊബേഷൻ ഓഫീസർ ഇടുക്കിയുടെ SJD/IDK/DPO/4/ 2022-A1 നം.കത്ത്.
8. 12.04.2023 പ്രൊബേഷൻ ഓഫീസർ തൃശ്ശൂരിന്റെ SJD//DPO/TSR/71/ 2022-A1 നം.കത്ത്.
9. സാമൂഹ്യനീതി ഡയറക്ടറുടെ 30/03/2023 ലെ SJD/961/2020-E9 നം നടപടിക്രമങ്ങൾ.

സാമൂഹ്യനീതിവകുപ്പ് വിഭജനത്തിന് ശേഷം സാമൂഹ്യനീതിവകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ കേഡർസ്ട്രെങ്ത് അടിസ്ഥാനമാക്കി എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരെ പുനർവിന്യസിച്ചശേഷം എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ 01/02/2020 പ്രാബല്യത്തിലുള്ള അന്തിമ സീനിയോറിറ്റിലിസ്റ്റ് പരാമർശം (2) പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി.

2. സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഇടുക്കി പ്രൊബേഷൻ ഓഫീസിൽ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീ.വിശാഖൻ.കെ.ജി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.930/2022 നമ്പർ കേസിന്മേൽ 26/05/2022-ലെ അന്തിമ വിധിന്യായം നടപ്പിൽ വരുത്തി പരാമർശം(4) പ്രകാരം സർക്കാർ ചുവടെ വിവരിക്കും സ്പഷ്ടീകരണം വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

3. ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ ക്ലാർക്ക് കേഡറിലോ ടൈപ്പിസ്റ്റ് കേഡറിലോ പരിഗണിക്കുന്നതിന് ഓപ്ഷൻ സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ പ്രസ്തുത ജീവനക്കാരന്റെ അഡ്വൈസ് സീനിയോറിറ്റി നഷ്ടമാകുന്നില്ലായെന്നും, അപ്രകാരം ഓപ്ഷൻ സമർപ്പിക്കാത്ത സാഹചര്യമാണുള്ളതാണെങ്കിൽ അഡ്വൈസ് സീനിയോറിറ്റി അടിസ്ഥാനമാക്കി എൽ.ഡി.ടൈപ്പിസ്റ്റ് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും അതിനനുസൃതമായി യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള പ്രൊമോഷനും അർഹതയുണ്ടെന്ന് സ്പഷ്ടീകരിക്കുകയുണ്ടായി.

4. പരാമർശം (3) ലെ ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ക്രമനം.26 ശ്രീ.വിശാഖൻ.വി.ജി.യെ പരാമർശം(4) സർക്കാർ ഉത്തരവ് അനുസരിച്ച് അഡ്വൈസ് സീനിയോറിറ്റി അടിസ്ഥാനമാക്കി എൽ.ഡി.ടൈപ്പിസ്റ്റ് സീനിയോറിറ്റിലിസ്റ്റിൽ ഉൾപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി അടിസ്ഥാനമാക്കി യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ഉദ്യോഗകയറ്റം അനുവദിക്കേണ്ടതുമായ സാഹചര്യവും വകുപ്പിൽ നിലനിൽക്കുന്നു. ശ്രീ.വിശാഖൻ.വി.ജി.-യുടെ അഡ്വൈസ് സീനിയോറിറ്റി അടിസ്ഥാനമാക്കി പരാമർശം(2)-ലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ.നം.11 ശ്രീ.ആനന്ദ്.ജി-ക്കും ക്രമ.നം.12 ശ്രീ.വിഷ്ണു.കെ.വി.ക്കും ഇടയിലായി 11 (എ) ആയി ഉൾപ്പെടുത്തുന്നു.

5. പരാമർശം (3) ലെ ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ക്രമനം.35 ശ്രീമതി.പ്രഭിത.കെ.പി. ക്ലാർക്ക് ടൈപ്പിസ്റ്റ് സേവനത്തിൽ പ്രവേശിച്ച് നിശ്ചിത കാലയളവിനുള്ളിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റായി ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജീവനക്കാരിയുടെ അഡ്വൈസ് സീനിയോറിറ്റി അടിസ്ഥാനമാക്കി അർഹത വിധേയമായി ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതായ സാഹചര്യവും വകുപ്പിൽ നിലനിൽക്കുന്നു. ശ്രീമതി.പ്രഭിത.കെ.പി.യുടെ അഡ്വൈസ് സീനിയോറിറ്റി അടിസ്ഥാനമാക്കി പരാമർശം(2)-ലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.15 ശ്രീ.ഷമികുമാർ.കെ-യ്ക്കും ക്രമ നം.16 ശ്രീമതി.സിന്ധു.കെ.വി.ക്കും ഇടയിലായി 15(എ) ആയി ഉൾപ്പെടുത്തുന്നു.

6. ഈ സാഹചര്യത്തിൽ പരാമർശം (3) ലെ ക്ലാർക്ക് /ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ക്രമനം.26 ശ്രീ.വിശാഖൻ.വി.ജി, ക്രമനം.35 ശ്രീമതി.പ്രഭിത.കെ.പി. എന്നീ ജീവനക്കാരെ പ്രസ്തുത ലിസ്റ്റിൽ നിന്നും നീക്കം ചെയ്യും, ഈ രണ്ട് ജീവനക്കാരെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ പരാമർശം (2) സീനിയോറിറ്റി പട്ടികയിൽ ചുവടെ വിവരിയ്ക്കും വിധം ഉൾപ്പെടുത്തിയും പരാമർശം (6) പ്രകാരം താൽക്കാലിക ഭേദഗതി ഉത്തരവ് പ്രസിദ്ധീകരിക്കുകയും, ജീവനക്കാരിൽ നിന്ന് കാര്യാലയമേധാവികൾ മുഖേന ആക്ഷേപം/ പരാതികൾ ക്ഷണിയ്ക്കുകയുമുണ്ടായി.

7. പരാമർശം (7), (8) പ്രകാരം വിവിധ കാര്യാലയങ്ങളിൽ നിന്നും ലഭ്യമായ ജീവനക്കാരുടെ ആക്ഷേപങ്ങൾ/ പരാതികൾ/ അപേക്ഷ എന്നിവയുടെ അടിസ്ഥാനത്തിൽ, താൽക്കാലിക സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നം.11 (എ) ആയി ഉൾപ്പെട്ട ശ്രീ.വിശാഖൻ.വി.ജി. ടിയാളുടെ സ്പെഷ്യൽ വിദ്യാഭ്യാസ യോഗ്യതയായി Type Writing English & Malayalam ( L ), Computer Word Processing English&Malayalam (L), Type Writing English and Computer Word Processing (H), MOP, Account Test (Lower) എന്നിവ ഉൾപ്പെടുത്തുവാൻ കാര്യാലയമേധാവി മുഖേന അപേക്ഷ സമർപ്പിക്കുകയുണ്ടായി. ചുവടെ വിവരിയ്ക്കും വിധം അപേക്ഷയുടെയും അനുബന്ധ

I/96109/2023

രേഖകളുടെയും അടിസ്ഥാനത്തിൽ ആയത് സ്പെഷ്യൽ വിദ്യാഭ്യാസ യോഗ്യതയായി ഉൾപ്പെടുത്തുന്നു. താൽക്കാലിക സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നം.15 (എ) ആയി ഉൾപ്പെട്ട ശ്രീമതി.പ്രഭിത.കെ.പി ടിയാളുടെ സ്പെഷ്യൽ വിദ്യാഭ്യാസ യോഗ്യതയായി MOP പാസായ വിവരവും, സീനിയോറിറ്റി ലിസ്റ്റിൽ പ്രൊബേഷൻ ഡിക്ലറേഷൻ ചെയ്ത വിവരവും ഉൾപ്പെടുത്തുവാൻ കാര്യാലയ മേധാവി മുഖേന അപേക്ഷ സമർപ്പിക്കുകയുണ്ടായി ചുവടെ വിവരിക്കും വിധം അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ ആയത് ഉൾപ്പെടുത്തുന്നു.

8. മറ്റ് യാതൊരുവിധ ആക്ഷേപങ്ങളോ പരാതികളോ നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ പരാമർശം (6) ലെ താൽക്കാലിക സീനിയോറിറ്റിലിസ്റ്റിൽ മുൻ ഖണ്ഡിക (7) പ്രകാരമുള്ള ഉൾപ്പെടുത്തലുകൾ/ഭേദഗതികൾ കൂടി വരുത്തി എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ 01/02/2020 പ്രാബല്യത്തിലുള്ള അന്തിമ സീനിയോറിറ്റിലിസ്റ്റിൽ ചുവടെ പേര് വിവരം ചേർത്തിട്ടുള്ള രണ്ട് ജീവനക്കാരെ ഉൾപ്പെടുത്തി ഭേദഗതി വരുത്തിയ പരാമർശം (9) പ്രകാരമുള്ള കരട് സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി അംഗീകരിച്ച് ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര് പെൻ നം. | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | | പി.എസ്.സി അഡ്വൈസ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | പ്രൊബേശൻ ഡിക്ലയർ ചെയ്ത പ്രാബല്യ തീയതിയും ഉത്തരവ് നമ്പരും | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | | | |
| 11(എ) | ശ്രീ.വിശാഖൻ.വി.ജി | 12/05/1987 | BA | Type Writing English & Malayalam (L ), Computer Word Processing English & Malayalam (L), Type Writing English and Computer Word Processing (H ),MOP, Account Test (Lower ) | IDB(4) 2031/15 Dtd 22/02/2018 k PSC IDK | 7/4/04/2018 | 27/07/2000 E6/4905/2001(2) കെ ഡിസ് | |
| 15(എ) | ശ്രീമതി.പ്രഭിത.കെ.പി. | 11/05/1981 | SSLC | TYPE Eng & Mal(L) Computer Word Processing(L&H), MOP | R II(4) 3362/15(4)Dtd 2/07/2019 KPSC TSR | 7/09/2019 | 13/03/2022 ലെ ഃ SJD/989/2022-E2 നം നടപടിക്രമങ്ങൾ | |

ചേതൻ കുമാർ മീണ IAS
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

SJD/961/2020-E9

I/96109/2023

പകർപ്പ് : എല്ലാ ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാർക്കും

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (കാര്യാലയ മേധാവി മുഖേന)
2. സൂപ്രണ്ട് എഫ് സെക്ഷൻ വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. E2 സെക്ഷൻ
4. സ്റ്റോക്ക് ഫയൽ / സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

**Signed by Rajesh DI**
**Date: 20-05-2023 13:24:06**
**Reason: Approved**